(ഇ) കേരളത്തിൽ നിലവിലുള്ള മഹാഭൂരിപക്ഷം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം ഇപ്പോൾ തന്നെ പന്ത്രണ്ടായിരം സ്കയർ മീറ്ററിൽ കൂടുമെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(എഫ്) അവിടങ്ങളിലേക്ക് പത്തുമീറ്റർ വീതിയിൽ റോഡില്ലെന്നും ഇനി റോഡ് വീതി കൂട്ടുക സാധ്യമല്ലെന്നും സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ നിയമം പുനഃപരിശോധിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 21-6-2010 മുതലാണ് പ്രസ്തുത ഭേദഗതി ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നിട്ടുള്ളത്.

(സി) അല്ല.

(ഡി) ബാധകമല്ല.

(ഇ&എഫ്) പരിശോധിച്ചിട്ടില്ല.

(ജി) ഇപ്പോൾ പരിഗണനയിലില്ല.

കണ്ണൂർ ബ്ളോക്ക് പഞ്ചായത്ത് നിർമ്മിച്ച അഗ്രോ സർവ്വീസ് സെന്റർ കെട്ടിടത്തിന് നമ്പർ

126 (4749) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ബ്ളോക്ക് പഞ്ചായത്ത് നിർമ്മിച്ച അഗ്രോ സർവ്വീസ് സെന്ററിനു വേണ്ടിയുള്ള കെട്ടിടത്തിന് കെട്ടിട നമ്പർ നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ ഒരു വർഷത്തിലധികമായി ഈ ആവശ്യം പരിഗണിക്കാത്തതിന്റെ കാരണം അറിയിക്കുമോ ;

(സി) കെട്ടിട നമ്പർ അനുവദിക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥർ ബോധപൂർവ്വം കാലതാമസം വരുത്തുകയാണെന്ന ആക്ഷേപം ശരിയാണോ ;

(ഡി) പ്രസ്തുത അഗ്രോ സർവ്വീസ് സെന്റർ കെട്ടിത്തിന് അടിയന്തരമായി കെട്ടിട നമ്പർ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശാസ്ത്ര സാങ്കേതിക വകുപ്പിന്റെകൂടി പരിശോധന ആവശ്യമുള്ളതിനാലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ശരിയല്ല.

(ഡി) കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ തീരുമാനത്തിന് വിധേയമായി ഇക്കാര്യം പരിശോധിക്കുന്നതാണ്.

ബഹുനില കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി

127 (4750) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2007-2008, 2008-2009 വർഷത്തിൽ നിലവിലുണ്ടായിരുന്ന കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുസരിച്ച് എത്ര അപേക്ഷകൾ ബഹുനിലകെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ലഭിച്ചിരുന്നുവെന്നും അതിൽ 2010 ജനുവരി 22-ന് മുമ്പ് എത്രയെണ്ണത്തിന് അനുമതി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) 2009 ഡിസംബർ വരെ അപേക്ഷ സ്വീകരിച്ചിരുന്നുവെങ്കിലും പല തിനും അനുമതി നൽകാതിരുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ ;

(സി) ഒരു അപേക്ഷ ലഭിച്ചാൽ എത്ര നാളിനുള്ളിൽ അനുമതി നൽകണമെന്നാണ് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത നടപടിക്രമം കൃത്യമായി പാലിക്കുന്നുണ്ടോ ;

(ഡി) 2007-2008, 2008-2009-ലും ലഭിച്ചിട്ടുള്ള അപേക്ഷകളിൽ കെട്ടിട നിർമ്മാണ ചട്ടപ്രകാരം ബന്ധപ്പെട്ട അപേക്ഷകനെ അപേക്ഷ നിരസിക്കുന്നതി നുള്ള വ്യക്തമായ കാരണങ്ങൾ അറിയിക്കുമോ ;

(ഇ) എങ്കിൽ എത്ര പേരെ രേഖാമൂലം അറിയിയിച്ചിട്ടുണ്ടെന്ന് വ്യക്തമാ ക്കുമോ ;

(എഫ്) കെട്ടിട നിർമ്മാണ ചട്ടം പാലിച്ചിട്ടുള്ള അപേക്ഷകൾ പരിഗണി ക്കാത്തത് എന്തുകൊണ്ടാണ് ; ആർക്കെല്ലാമാണ് ബഹുനില കെട്ടിടങ്ങൾ പണി യുവാൻ നിർമ്മാണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ജി) 2007-08-ലും, 2008-09-ലും അപേക്ഷിച്ചിട്ടുള്ള മുഴുവൻ ആളുകൾക്കും പുതിയ ചട്ടം പരിഷ്കരിക്കുന്നതിന് മുമ്പുള്ള നിയമപ്രകാരം അനുമതി നൽകുവാൻ ഉത്തരവാകുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്ത മാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ 14-ാം ചട്ട പ്രകാരം കെട്ടിട നിർമ്മാണാനുമതി പരമാവധി 30 ദിവസത്തിനകം നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ചട്ടം 13 പ്രകാരം 30 ദിവസത്തിനകം

LIBRARY ARCHIVES Kerala Legislative Assembly